**മധുരമായ കുട്ടികളേ - ഇവിടെ സ്വയം ധാരണ ചെയ്ത് മറ്റുള്ളവരെക്കൊണ്ടും തീർച്ചയായും ചെയ്യിക്കണം, പാസ്സാകുന്നതിനുവേണ്ടി മാതാപിതാക്കൾക്കു സമാനമായിത്തീരണം, എന്താണോ കേൾക്കുന്നത്, അത് കേൾപ്പിക്കുകയും വേണം.**

**ചോദ്യം:-** കുട്ടികളിൽ ഏതൊരു ശുഭഭാവന ഉണ്ടാകുന്നതും നല്ല പുരുഷാർത്ഥത്തിന്റെ അടയാളമാണ്?
**ഉത്തരം:-** ഞങ്ങൾ മാതാപിതാവിനെ അനുകരിച്ച് സിംഹാസനത്തിൽ ഇരിക്കും എന്ന ശുഭഭാവന കുട്ടികളിലുണ്ടെങ്കിൽ ഇതും വളരെ നല്ലൊരു ധൈര്യമാണ്. ആരാണോ ഇങ്ങനെ പറയുന്നത് - ബാബാ, ഞങ്ങൾ മുഴുവൻ പരീക്ഷയും പാസ്സാവുമെന്ന്, ഇതും ശുഭമാണ് പറയുന്നത്. ഇതിനുവേണ്ടി പുരുഷാർത്ഥവും വളരെ തീവ്രമായി ചെയ്യണം.

**ഗീതം:-** നമ്മുടെ തീർത്ഥയാത്ര വ്യത്യസ്തമാണ്........

**ഓം ശാന്തി.** ഇപ്പോൾ ഇവിടെ എല്ലാവരും പാപാത്മാക്കളാണ്, പുണ്യാത്മാക്കൾ സ്വർഗ്ഗത്തിലാണ് ഉണ്ടാകുന്നത്. ഇത് പാപാത്മാക്കളുടെ ലോകമാണ്. ഇവിടെ അജാമിലനെപ്പോലുള്ള പാപാത്മാക്കളുണ്ട്, അത് ദേവതകളുടെ സ്വർഗ്ഗമാണ്, പുണ്യാത്മാക്കളുടെ ലോകമാണ്. രണ്ടുകൂട്ടരുടേയും മഹിമ വേറെ വേറെയാണ്. ബ്രാഹ്മണരായ ഓരോരുത്തരും തന്റെ ഈ ജന്മത്തിലെ ജീവിതകഥ ബാബയ്ക്ക് എഴുതി അയക്കാറുണ്ട്, ബാബാ ഞങ്ങൾ ഇത്ര പാപം ചെയ്തിട്ടുണ്ടെന്ന്. ബാബയുടെ അടുത്ത് എല്ലാവരുടേയും ജീവിത കഥയുണ്ട്. കുട്ടികൾക്ക് അറിയാം ഇവിടെ കേൾക്കണം കേൾപ്പിക്കണം. അപ്പോൾ കേൾപ്പിക്കുന്നവർ ധാരാളം ആവശ്യമാണ്. ഏതുവരെ കേൾപ്പിക്കുന്നവരായി മാറുന്നില്ലയോ അതുവരെ പാസ്സാവുകയില്ല. മറ്റുസത്സംഗങ്ങളിൽ ഇതുപോലെ കേട്ടതിനുശേഷം പിന്നീട് കേൾപ്പിക്കുന്നതിനായി ബാദ്ധ്യതയില്ല. ഇവിടെ ധാരണ ചെയ്ത് പിന്നീട് ചെയ്യിക്കണം. അനുയായികളെ ഉണ്ടാക്കണം. അല്ലാതെ ഇവിടെ ഒരാൾ മാത്രം പണ്ഢിതനെപ്പോലെ കഥ കേൾപ്പിക്കുകയല്ല. ഇവിടെ ഓരോരുത്തർക്കും മാപിതാവിനു സമാനമായിത്തീരണം. മറ്റുള്ളവർക്കു കേൾപ്പിച്ചു കൊടുത്താൽ മാത്രമേ പാസ്സായി മാതാപിതാവിന്റെ ഹൃദയത്തിൽ സ്ഥാനം ലഭിക്കൂ. ജ്ഞാനത്തെക്കുറിച്ചുതന്നെയാണല്ലോ മനസ്സിലാക്കി കൊടുക്കേണ്ടത്. അവർ എല്ലാവരും കൃഷ്ണ ഭഗവാനുവാച എന്നു പറയുന്നു. ഇവിടെ പറയപ്പെടുന്നു ജ്ഞാനസാഗരനും പതിതപാവനും ഗീതാജ്ഞാനദാതാവുമായ ശിവഭഗവാന്റെ മഹാവാക്യമെന്ന്. കൃഷ്ണൻ-രാധാ അഥവാ ലക്ഷ്മി-നാരായണനെ ഭഗവാൻ ഭഗവതി എന്നു പറയില്ല. അത് നിയമമല്ല. ഭഗവാൻ അവർക്ക് പദവി നൽകി എങ്കിൽ തീർച്ചയായും അവരെ ഭഗവാൻ ഭഗവതിയാക്കി മാറ്റുകതന്നെ ചെയ്യും അതുകൊണ്ടാണ് പേരും അതുപോലെ. നിങ്ങൾ ഇപ്പോൾ വിജയമാലയിലേക്ക് കോർക്കപ്പെടാനുള്ള പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മാല ഉണ്ടാക്കുന്നില്ലേ ഏറ്റവും മുകളിലായി രുദ്രനാണ്. രുദ്രാക്ഷത്തിന്റെ മാലയുണ്ടല്ലോ. ഈശ്വരന്റെ മാല ഇവിടെ നിന്നാണ് ഉണ്ടാക്കപ്പെടുന്നത്. ഇവിടെ പറയുന്നു നമ്മുടെ തീർത്ഥയാത്ര വ്യത്യസ്തമാണെന്ന്. അവർ തീർത്ഥയാത്രയിൽ ധാരാളം ബുദ്ധിമുട്ട് സഹിക്കുന്നുണ്ട്. നിങ്ങളുടെ എല്ലാ കാര്യങ്ങളും വേറിട്ടതാണ്. നിങ്ങളുടെ ബുദ്ധിയോഗം ശിവബാബയോടൊപ്പമാണ്. രുദ്രന്റെ കഴുത്തിലെ മാലയായിത്തീരണം. മാലയുടെ രഹസ്യത്തെക്കുറിച്ചും അറിയുന്നില്ല. മുകളിൽ ശിവബാബയാകുന്ന പുഷ്പമാണ്. പിന്നീടാണ് ജഗദംബ, ജഗദ്പിതാവ് പിന്നെ അവരുടെ 108 വംശാവലികൾ. ബാബ കാണുന്നുണ്ട് വളരെ വലിയ മാലയാണ് ഉണ്ടാകുന്നത്. എല്ലാവരും മാല സ്മരിക്കുന്നു, രാമ രാമ എന്നു പറയുന്നു. ലക്ഷ്യം ഒന്നും തന്നെയില്ല. രുദ്രമാല സ്മരിക്കുമ്പോൾ രാമനാമം ജപിക്കുന്നു. ഇതെല്ലാം തന്നെ ഭക്തിമാർഗ്ഗമാണ്. ഇതു പിന്നെയും മറ്റുള്ള കാര്യങ്ങളെ അപേക്ഷിച്ച് നല്ലതാണ് കാരണം അത്രയ്ക്കും സമയം പാപം ഉണ്ടാവില്ലല്ലോ. പാപങ്ങളിൽ നിന്നും മുക്തമാകുന്നതിനുള്ള യുക്തിയാണ്. ഇവിടെ മാല ജപിക്കേണ്ട കാര്യമില്ല. സ്വയം മാലയിലെ മുത്തായി മാറണം. അപ്പോൾ നമ്മുടെ തീർത്ഥയാത്ര വ്യത്യസ്തമാണ്. നമ്മൾ ശിവബാബയുടെ വീട്ടിലേക്കുള്ള അവ്യഭിചാരിയായ വഴികാട്ടിയാണ്. യോഗത്തിലൂടെ തന്റെ ജന്മ-ജന്മാന്തരത്തിലെ വികർമ്മം ഭസ്മമാകുന്നു. കൃഷ്ണനെ രാത്രിയും പകലും ഓർമ്മിക്കുകയാണെങ്കിലും വികർമ്മങ്ങൾ നശിക്കുകയില്ല. രാമ-രാമ എന്നു ജപിക്കുമ്പോൾ ആ സമയം പാപങ്ങളൊന്നും തന്നെ ഉണ്ടാകുന്നില്ല പക്ഷേ അതിനു ശേഷം പാപം ചെയ്യാൻ ആരംഭിക്കും. അല്ലാതെ പാപം നശിക്കുകയോ ആയുസ്സ് വർദ്ധിക്കുകയോ ചെയ്യുന്നില്ല. ഇവിടെ യോഗബലത്തിലൂടെ നിങ്ങൾ കുട്ടികളുടെ ആയുസ്സ് വർദ്ധിക്കുന്നു, പാപം നശിക്കുന്നു. ജന്മജന്മാന്തരത്തേക്ക് ആയുസ്സ് അവിനാശിയായിത്തീരുന്നു.

മനുഷ്യനിൽ നിന്നും ദേവനായിത്തീരുക ഇതിനെത്തന്നെയാണ് ജീവിതം ഉണ്ടാക്കുക എന്നു പറയുന്നത്.

ദേവതകൾക്ക് എത്ര മഹിമയാണ്. സ്വയത്തെ ഞാൻ നീചനാണ്..... പാപിയാണ്..... എന്നൊക്കെ പറയുന്നു. അപ്പോൾ തീർച്ചയായും എല്ലാവരും അതുപോലെത്തന്നെയായിരിക്കുമല്ലോ. പറയുന്നു ഞങ്ങൾ ഒരുഗുണവും ഇല്ലാത്തവരാണ്...... അങ്ങ് ദയാസാഗരൻ ഞങ്ങളുടെമേൽ ദയ കാണിക്കണമെന്ന്..... ഇത് പരമാത്മാവിന്റെ മഹിമയാണ്. പരമാത്മാവ് നിങ്ങളെ സർവ്വഗുണ സമ്പന്നരും ശ്രീകൃഷ്ണനു സമാനവുമാക്കിമാറ്റുന്നു. നിങ്ങൾ ഇപ്പോൾ ആയിത്തീർന്നുകൊണ്ടിരിക്കുകയാണ്. ശ്രീകൃഷ്ണനോളം ഗുണസമ്പന്നനായി മറ്റാരും തന്നെയില്ല. ഒരു നിർഗുണ ബാലകന്റെ പ്രസ്ഥാനമുണ്ട്. നിർഗുണം എന്നതിന്റെ അർത്ഥത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല. നിങ്ങൾക്കറിയാം ശ്രീകൃഷ്ണൻ അഥവാ ലക്ഷ്മി-നാരായണന്റെ മഹിമയാണ് പാടുന്നത് സർവ്വഗുണസമ്പന്നനെന്ന്..... ഇപ്പോൾ നിങ്ങളും അവർക്കു സമാനമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. ഇതുപോലെ പഠിപ്പിക്കുന്ന മറ്റു സത്സംഗങ്ങൾ ഉണ്ടാവുകയില്ല. ഇവിടെ ബാബ നിങ്ങളോട് ചോദിക്കുന്നു ലക്ഷ്മി-നാരായണനെയാണോ വരിക്കുന്നത് അതോ സീതാരാമനെയാണോ? കുട്ടികളും വിവേകഹീനരൊന്നുമല്ലല്ലോ. പെട്ടെന്നു തന്നെ പറയും ബാബാ ഞങ്ങൾ മുഴുവനും പരീക്ഷ പാസ്സാകുമെന്ന്. ശുഭമേ പറയൂ. എല്ലാവരും ഒരേപോലെയായിത്തീരണമെന്നില്ല. പിന്നെയും ധൈര്യം കാണിക്കുന്നു. മമ്മാ-ബാബാ ശിവബാബയുടെ അനന്യ സന്താനങ്ങളാണ്. നമ്മൾ അവരെ പൂർണ്ണമായും ഫോളോ ചെയ്ത് സിംഹാസനത്തിലിരിക്കും. ഈ ശുഭകാമന നല്ലതാണ്. പിന്നീട് നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഈ സമയത്തെ പുരുഷാർത്ഥമാണ് കല്പകല്പത്തെക്കുണ്ടാവുക. ഗാരന്റിയാണ്. ഇപ്പോഴത്തെ പുരുഷാർത്ഥത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു, കല്പം മുമ്പും ഇതുപോലെ ചെയ്തിരുന്നു എന്ന്. കല്പകല്പവും ഇതുപോലെയുള്ള പുരുഷാർത്ഥമാണ് ഉണ്ടാവുക. എപ്പോഴാണോ പരീക്ഷയുടെ സമയം അടുക്കുന്നത് അപ്പോൾ മനസ്സിലാക്കാൻ സാധിക്കും നമ്മൾ എത്രത്തോളം പാസ്സായിത്തീരുന്നു എന്ന്. ടീച്ചർക്ക് പെട്ടെന്ന് മനസ്സിലാകുന്നു. ഇത് നരനിൽ നാരായണനായിത്തീരുന്നതിനുള്ള ഗീതാപാഠശാലയാണ്. മറ്റുള്ള ഗീതാപാഠശാലയിലൊന്നും തന്നെ ഇങ്ങനെ ഒരിക്കലും പറയില്ല നരനിൽ നിന്നും നാരായണനാകുന്നതിനുവേണ്ടി വന്നിരിക്കുകയാണെന്ന്. ടീച്ചർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല ഞാൻ നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റുമെന്ന്. ആദ്യം പഠിപ്പിക്കുന്ന ടീച്ചർക്ക് ഈ ലഹരിയുണ്ടാകണം ഞാനും നരനിൽ നിന്നും നാരായണനാകുമെന്ന്. ഗീതയുടെ പ്രഭാഷണം ചെയ്യുന്നവർ ധാരാളമുണ്ട്. പക്ഷേ മറ്റെവിടെയും ഇങ്ങനെ പറയുകയില്ല ഞങ്ങൾ ശിവബാബയിലൂടെയാണ് പഠിക്കുന്നതെന്ന്. അവർ മനുഷ്യരിലൂടെയാണ് പഠിക്കുന്നത്. നിങ്ങൾക്ക് അറിയാം ഉയർന്നതിലും ഉയർന്നതാണ് പരമപിതാവായ പരമാത്മാവ് ശിവൻ. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ് ജ്ഞാനസാഗരനാണ്. അവർ തന്നെയാണ് പതിതരെ പാവനമാക്കിമാറ്റുന്നതും. ഗുരുനാനാക്കും അവരുടെ മഹിമ പാടുന്നുണ്ട് - സാഹേബിനെ(പ്രഭുവിനെ) ജപിക്കുകയാണെങ്കിൽ സുഖം ലഭിക്കുമെന്ന്. ഇപ്പോൾ നിങ്ങൾക്കറിയാം ഉയർന്നതിലും ഉയർന്ന സത്യമായ പ്രഭു അവരാണെന്ന്. അവർ സ്വയം പറയുന്നു എന്നെ ഓർമ്മിക്കൂ എന്ന്. ഞാൻ നിങ്ങൾക്ക് സത്യമായ അമരകഥ, മൂന്നാമത്തെ നേത്രത്തിന്റെ കഥയാണ് കേൾപ്പിക്കുന്നത്. ഈജ്ഞാനത്തിലൂടെ നിങ്ങൾക്ക് മൂന്നാമത്തെ നേത്രം ലഭിക്കുന്നു, നരനിൽ നിന്നും നാരായണനായിത്തീരുന്നു. അല്ലയോ പാർവ്വതിമാരേ, ഞാൻ അമരനാഥൻ നിങ്ങൾക്ക് അമരകഥ കേൾപ്പിച്ചു തരുന്നു. ഉയർന്നതിലും ഉയർന്നത് ശിവബാബയാണ് പിന്നീടാണ് ബ്രഹ്മാ വിഷ്ണു ശങ്കരൻ. പിന്നെ സ്വർഗ്ഗത്തിൽ ലക്ഷ്മിനാരായണൻ, വീണ്ടും ചന്ദ്രവംശി.... നമ്പർവൈസായി താഴേക്കു വരുന്നു. സമയവും സതോ രജോ തമോ ആയിത്തീരുന്നു. പക്ഷേ ഈ കാര്യങ്ങളൊന്നും തന്നെ ആർക്കും അറിയുന്നില്ല. ബാബ വളരെയധികം ഗുഹ്യമായ കാര്യങ്ങളാണ് കേൾപ്പിച്ചുതരുന്നത്. ആത്മാവിൽ അവിനാശി പാർട്ടാണുള്ളത്. ഓരോരോ ജന്മത്തിലെയും പാർട്ട് അടങ്ങിയിട്ടുണ്ട്. അത് ഒരിക്കലും നശിക്കുന്നില്ല. ബാബ പറയുന്നു എന്റെ പാർട്ടും ഇതിൽ അടങ്ങിയിട്ടുണ്ട്. നിങ്ങൾ സുഖധാമത്തിലിരിക്കുമ്പോൾ ഞാൻ ശാന്തിധാമത്തിലായിരിക്കും. നിങ്ങളുടെ ഭാഗ്യത്തിൽ സുഖവും ദുഖവുമുണ്ട്. സുഖത്തിലും ദുഖത്തിലും എത്ര ജന്മങ്ങളെടുക്കുന്നു എന്നുള്ളതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഞാൻ നിങ്ങളുടെ നിഷ്കാമിയായ അച്ഛനാണ്. നിങ്ങൾ എല്ലാവരെയും സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റുന്നു. അഥവാ ഞാനും പതിതമായിത്തീരുന്നു എങ്കിൽ നിങ്ങളെ ആരാണ് പാവനമാക്കിത്തീർക്കുക? എല്ലാവരുടെയും വിളി ആരാണ് കേൾക്കുക? ആരെയാണ് പതിതപാവനൻ എന്ന് പറയുന്നത്? ബാബ മനസ്സിലാക്കിത്തരുന്നു ഒരു ഗീതാപാഠിയ്ക്കും ഇങ്ങനെ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. അവർ ത്രിലോകി എന്നതിന്റെ അർത്ഥം തന്നെ ഭിന്ന-ഭിന്ന പ്രകാരത്തിൽ വ്യാഖ്യാനിക്കുന്നു. മനുഷ്യർ പറയുന്നു വേദശാസ്ത്രങ്ങളിലൂടെ ഭഗവാനെ മിലനം ചെയ്യാനുള്ള വഴി ലഭിക്കുന്നു എന്ന്. ബാബ പറയുന്നു ഈ ശാസ്ത്രങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെതാണ്. ജ്ഞാനമാർഗ്ഗത്തിലുള്ളവർക്ക് ശാസ്ത്രങ്ങളില്ല. ജ്ഞാനം കേൾപ്പിക്കുന്ന ആൾ ജ്ഞാനസാഗരനായ ബാബയാണ്. ബാക്കിയെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. ഞാൻ തന്നെയാണ് വന്ന് ഈ ജ്ഞാനത്തിലൂടെ സർവ്വർക്കും സദ്ഗതി നൽകുന്നത്. അവർ മനസ്സിലാക്കുന്നു നീർകുമിളകൾ വെള്ളത്തിൽ നിന്നും ഉണ്ടായി പിന്നെ അതിൽ തന്നെ ലയിക്കുന്നതുപോലെയാണെന്ന്. അപ്പോൾ മിലനം ചെയ്യുന്ന കാര്യം തന്നെ വരുന്നില്ല. ആത്മാവ് അവിനാശിയാണ്, അത് ഒരി

ക്കലും കത്തിനശിക്കുകയോ, മുറിയുകയോ, ലയിക്കുകയോ ഇല്ല. ബാബ ഈ കാര്യങ്ങളെക്കുറിച്ചെല്ലാമുള്ള തിരിച്ചറിവ് നൽകുന്നു. നിങ്ങൾ കുട്ടികൾക്ക് പാദം മുതൽ ശിരസ്സ് വരെ സന്തോഷം ഉണ്ടായിരിക്കണം – നമ്മൾ യോഗബലത്തിലൂടെ വിശ്വത്തിന്റെ അധികാരിയായിത്തീരുകാണ് എന്നുള്ളത്. പക്ഷേ ഈ സന്തോഷവും നമ്പർവൈസാണ്. ഏകരസമല്ല. പരീക്ഷ ഒന്നേയുള്ളൂ എങ്കിലും അത് പാസ്സാകണമല്ലോ. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയല്ലേ. അതിന്റെ പദ്ധതിയാണ് പറയുന്നത്. സൂര്യവംശിയിൽ ഇത്ര സിംഹാസനം, ചന്ദ്രവംശിയിൽ ഇത്രസിംഹാസനം, ആരെല്ലാമാണോ തോറ്റു പോകുന്നത് അവർ ദാസ–ദാസിമാരാണ്. ദാസദാസിമാരിൽ നിന്നും പിന്നീട് നമ്പർവൈസായ രാജാറാണിയായിത്തീരുന്നു. പഠിക്കാത്തവർ അന്തിമത്തിൽ പദവി നേടുന്നു. ബാബ വളരെ നന്നായി മനസ്സിലാക്കിത്തരുന്നുണ്ട്, ഒന്നും മനസ്സിലായിട്ടില്ലെങ്കിൽ ചോദിക്കാൻ സാധിക്കും. വിവേകത്തിലുണ്ടാവുമല്ലോ, ഇല്ലെങ്കിൽ ഇവിടെ എവിടെയാണ് ജന്മം ലഭിക്കുന്നത്, അവിടെ ചെറിയ സുഖമൊന്നുമല്ലല്ലോ. വളരെയധികം ബഹുമാനമുണ്ടാകുന്നു. വലിയ കൊട്ടാരങ്ങൾക്കുള്ളിലാണ് വസിക്കുന്നത്. വലിയ വലിയ പൂന്തോട്ടങ്ങളായിരിക്കും. അവിടെ രണ്ടു മൂന്നു നിലകളുണ്ടാക്കേണ്ട ആവശ്യമില്ല. ഭൂമി ധാരാളമുണ്ടായിരിക്കും. പൈസയ്ക്ക് കുറവില്ലാത്തതുകൊണ്ട്, ഉണ്ടാക്കാനും വലിയ താല്പര്യമായിരിക്കും, ഇവിടെ ഇപ്പോഴത്തെ മനുഷ്യരെപ്പോലെ. പുതിയദില്ലി ഉണ്ടാക്കുമ്പോൾ എല്ലാവരും പറഞ്ഞിരുന്നു പുതിയ ഭാരതമാണെന്ന്. വാസ്തവത്തിൽ പുതിയ ഭാരതം എന്നുള്ളത് സ്വർഗ്ഗത്തെയും, പഴയത് നരകത്തെയുമാണ് പറയുന്നത്. അവിടെ ആർക്ക് എത്രവേണമോ....... എല്ലാം ഡ്രാമാ അനുസരിച്ചായിരിക്കും. കൊട്ടാരങ്ങളെല്ലാം തന്നെ എന്താണോ കല്പം മുമ്പ് ഉണ്ടാക്കിയിട്ടുള്ളത് അതുമാത്രമേ ഉണ്ടാക്കപ്പെടുകയുള്ളൂ. ഈ ജ്ഞാനമെല്ലാം തന്നെ മറ്റാർക്കും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല, പക്ഷേ ആരുടെ ഭാഗ്യത്തിലുണ്ടോ അവരുടെ ബുദ്ധിയിൽ മാത്രമേ ഇരിക്കൂ. കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം പൂർണ്ണ യോഗത്തിലിരിക്കണം. ഭക്തിമാർഗ്ഗത്തിൽ ശ്രീകൃഷ്ണനുമായുള്ള യോഗത്തിലായിരുന്നു, എന്നിട്ടും സ്വർഗ്ഗത്തിലെ അധികാരിയായിത്തീർന്നില്ല. ഇപ്പോൾ സ്വർഗ്ഗം നിങ്ങൾക്കു മുന്നിലാണ്. നിങ്ങൾക്ക് പരമാത്മാവിന്റെ ജീവചരിത്രം, ബ്രഹ്മാ വിഷ്ണുവിന്റെ ചരിത്രം എല്ലാം തന്നെ അറിയാം. ബ്രഹ്മാവ് എത്ര ജന്മങ്ങൾ എടുക്കുന്നു എന്നത് നിങ്ങൾക്കറിയാം.

ബാബ പറയുന്നു മാതാക്കൾ സ്വർഗ്ഗത്തിലെ വാതിൽ തുറക്കാൻ നിമിത്തമാണ്. ബാക്കി എല്ലാവരും നരകത്തിലാണ്. മാതാക്കളാണ് എല്ലാവരെയും ഉദ്ധരിക്കുന്നത്. നമ്മൾ പരമാത്മാവിന്റെ മഹിമയാണ് പാടുന്നത്. നിങ്ങൾ മനസ്സിലാക്കിയാണ് പറയുന്നത് ശിവബാബാ നമസ്തേ എന്ന്. താങ്കൾ വന്ന് ഞങ്ങളെ അവകാശികളാക്കി മാറ്റുന്നു. സ്വർഗ്ഗത്തിലെ അധികാരിയാക്കി മാറ്റുന്നു. ഇങ്ങനെയുള്ള ശിവബാബയ്ക്ക് നമസ്കാരം അച്ഛന് കുട്ടികൾ നമസ്കാരം പറയുമല്ലോ. പിന്നീട് ബാബയും പറയുന്നു കുട്ടികളേ നമസ്കാരമെന്ന്. നിങ്ങൾ എന്നെ ചില്ലറ പൈസയുടെ അവകാശിയാക്കി മാറ്റുന്നു, കക്കയുടെ അവകാശിയാക്കി മാറ്റുന്നു, ഞാൻ നിങ്ങളെ വജ്രസമാനമുള്ള അവകാശികളാക്കി മാറ്റുന്നു. ശിവനാകുന്ന ബാലകനെ അവകാശിയാക്കി മാറ്റുകയാണല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകൾ സുപ്രഭാതം, നമസ്തെ, സലാം മാലേക്കും. വന്ദേമാതരം.

## ധാരണക്കുള്ള മുഖ്യ സാരം:–

1) ശിവബാബയുടെ വീടിന്റെ അവ്യഭിചാരിയായ വഴികാട്ടിയായിത്തീർന്ന് യോഗബലത്തിലൂടെ വികർമ്മത്തെ ഭസ്മമാക്കണം. ജ്ഞാനത്തെ സ്മരിച്ച് അപാര സന്തോഷത്തിലിരിക്കണം.

2) ബാബയ്ക്കു സമാനം സിംഹാസനധാരിയാകുന്നതിന്റെ ശുഭകാമന വെച്ചുകൊണ്ട് ബാബയെ പൂർണ്ണമായും ഫോളോ ചെയ്യണം.

## വരദാനം:– ശീതളാ ദേവിയായി സർവ്വ കർമ്മേന്ദ്രിയങ്ങളെയും ശീതളവും ശാന്തവുമാക്കുന്ന സ്വരാജ്യ അധികാരിയായി ഭവിക്കൂ

ആരാണോ സ്വരാജ്യ അധികാരി കുട്ടികൾ, അവരെ ഒരു കർമ്മേന്ദ്രിയത്തിനും ചതിക്കാൻ സാധിക്കില്ല. എപ്പോഴാണോ ചതിവ് നൽകുന്നതിന്റെ ചഞ്ചലത സമാപ്തമാകുന്നത് അപ്പോൾ സ്വയം ശീതളാ ദേവിയായി മാറുന്നു, എല്ലാ കർമ്മേന്ദ്രിയങ്ങളും ശീതളമാകുന്നു. ശീതളാ ദേവിയിൽ ഒരിക്കലും ക്രോധം വരികയില്ല. പലരും പറയാറുണ്ട് ക്രോധമില്ല അൽപം ആവേശം കാണിക്കേണ്ടി വരുന്നു. എന്നാൽ ആവേ

ശവും ക്രോധത്തിന്റെ അംശമാണ്. എവിടെ അംശമുണ്ടോ അവിടെ വംശമുണ്ടാകുന്നു. ശീതളാ ദേവിയും ശീതളാ ദേവനുമാണ് അതുകൊണ്ട് സ്വപ്നത്തിൽ പോലും ക്രോധം അല്ലെങ്കിൽ ആവേശത്തിന്റെ സംസ്ക്കാരം ഇമർജാകരുത്.

## സ്ലോഗൻ – ആജ്ഞാകാരി കുട്ടികൾ സ്വതവേ ആശീർവ്വാദത്തിന് പാത്രമാകുന്നു, അവക്ക് ആശീർവ്വാദം യാചിക്കേണ്ട ആവശ്യമില്ല.

**മാതേശ്വരിജിയുടെ മധുര മഹാവാക്യം**

**"നയനഹീനം അർത്ഥം ജ്ഞാന നേത്രഹീനർക്ക് വഴി പറഞ്ഞുകൊടുക്കുന്ന പരമാത്മാവ്"**

കണ്ണില്ലാത്തവർക്ക് വഴികാണിക്കൂ പ്രഭൂ... മനുഷ്യർ പാടാറുള്ള ഈ ഗീതം കണ്ണില്ലാത്തവർക്ക് വഴി കാണിച്ച് തരൂ പ്രഭൂ, അപ്പോൾ വഴി കാണിക്കുന്നത് പരമാത്മാവാണ്, അതുകൊണ്ടാണ് പരാമാത്മാവിനെ വിളിക്കുന്നത്, എപ്പോഴാണോ പറയുന്നത് പ്രഭൂ വഴികാണിക്കൂ എന്ന് അപ്പോൾ തീർച്ചയായും വഴി കാണിക്കുന്നതിനായി സ്വയം പരമാത്മാവിന് നിരാകാര രൂപത്തിൽ നിന്ന് സാകാര രൂപത്തിലേക്ക് അവശ്യം വരേണ്ടിവരും, അപ്പോഴല്ലേ സ്ഥൂലത്തിൽ വഴി പരഞ്ഞ് തരിക, വരാതെ വഴി പറഞ്ഞ് തരാൻ സാധിക്കില്ല. ഇപ്പോൾ മനുഷ്യർ ആശയക്കുഴപ്പത്തിലാണ്, ആ വഴി തെറ്റിയവർക്ക് വഴി വേണം അതുകൊണ്ടാണ് പരമാത്മാവിനോട് പറയുന്നത് കണ്ണില്ലാത്തവർക്ക് വഴി കാണിക്കൂ പ്രഭൂ... പരമാത്മാവിനെ തന്നെയാണ് പിന്നീട് തോണിക്കാരനെന്നും പറയുന്നത്, ആ പരമാത്മാവാണ് അക്കരെ അഥവാ 5 തത്വങ്ങളാൽ നിർമ്മിതമായ ഈ സൃഷ്ടിൽ നിന്ന് കടത്തി അക്കരെ അർത്ഥം 5 തത്വങ്ങളിൽ നിന്ന് ഉപരി ആറാമത് തത്വം അഖണ്ഡ ജ്യോതി മഹത് തത്വത്തിലേക്ക് കൊണ്ട് പോകുന്നത്. അപ്പോൾ പരമാത്മാവും എപ്പോഴാണോ അക്കരയിൽ നിന്ന് ഇക്കരയിലേക്ക് വരുന്നത് അപ്പോഴല്ലേ കൊണ്ടുപോകുക. അതുകൊണ്ട് പരമാത്മാവിനും വരേണ്ടതുണ്ട്, അപ്പോഴാണ് പരമാത്മാവിനെ തോണിക്കാരനെന്നും പറയുന്നത്. ആ പരമാത്മാവാണ് നമ്മൾ തോണികളെ (ആത്മാവാകുന്ന തോണിയെ) അക്കരെ കൊണ്ടുപോകുന്നത്. ഇപ്പോൾ ആരാണോ പരമാത്മാവിനോടൊപ്പം യോഗം വയ്ക്കുന്നത് അവരെ കൂടെ കൊണ്ടുപോകും. ബാക്കി ആരാണോ അവശേഷിക്കുന്നത് അവർ ധർമ്മരാജന്റെ ശിക്ഷകളനുഭവിച്ച് ശേഷം മുക്തമാകും. ശരി – ഓം ശാന്തി.